ഉത്തരം

(എ)-(സി) ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് നൽകിയ അത്തര മൊരുത്തരവ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരിക്കുക യാണ്.

(ഡി) ഇത്തരത്തിലൊരു പരാമർശം കോടതിവിധിയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(1477) ചെങ്ങന്നൂരിൽ കുടുംബകോടതി ആരംഭിക്കുവാൻ നടപടി

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ മധ്യഭാഗമായ ചെങ്ങന്നൂ രിൽ കുടുംബകോടതി ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ചെങ്ങന്നൂരിൽ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭി ക്കുന്നതുകൊണ്ട് സംസ്ഥാന സർക്കാരിന് അധിക ബാധ്യത ഉണ്ടാവുകയി ല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) സംസ്ഥാനത്ത് കുടുംബകോടതികൾ ആരംഭിക്കുന്നത് അതതു ജൂഡീഷ്യൽ ജില്ലാ ആസ്ഥാനത്താണ്. ചെങ്ങന്നൂർ ജൂഡിഷ്യൽ ജില്ലാ ആസ്ഥാനമല്ലാത്തതിനാൽ അവിടെ കുടുംബകോടതി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(1489) റീ സർവ്വേ നടപടികൾ

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വില്ലേജുകളിൽ സർവ്വേ അദാലത്ത് പൂർത്തിയായി;

(സി) പുതുതായി ഏതൊക്കെ വില്ലേജുകളിൽ ആരംഭിക്കുവാൻ ഉദ്ദേ ശിക്കുന്നു;

(ഡി) സർവ്വേ അദാലത്ത് കഴിഞ്ഞ വില്ലേജുകളിൽ റീ സർവ്വേ സംബ ന്ധിച്ച് പരാതികൾ പരിഹരിക്കുവാൻ എന്തു സംവിധാനമാണ് ഉള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 790 വില്ലേജുകളുടെ ഫീൽഡ് ജോലിയും അവ യിൽ 727 വില്ലേജുകളുടെ ഓഫീസ് ജോലിയും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ 652 വില്ലേജുകളുടെ റീ സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർവ്വേ അദാലത്ത് കഴിഞ്ഞ വില്ലേജുകളിൽ റീ സർവ്വേ സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട സർവ്വേ സൂപ്രണ്ടാഫീസുകളിൽ സ്വീകരിച്ച് തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(1490) റവന്യൂ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ജനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്കും മറ്റാനുകൂല്യങ്ങൾക്കും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന്റെയും കാലോചിതമായി പരിഷ്കരിക്കുന്നതിന്റെയും ഭാഗമായി ഇതിനോടകം തന്നെ സർക്കാർ വിവിധ നടപടികൾക്ക് രൂപം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം, 1.7.98 മുതൽ റവന്യൂ ബോർഡ് നിർത്തലാക്കുകയും റവന്യൂബോർഡ് തലം മുതൽ വില്ലേജ് ആഫീസ് തലംവരെ ഉൾപ്പെടുന്ന തരത്തിൽ വകുപ്പു പുനഃസംഘടന നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും, റവന്യൂബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളും ലാന്റ് റവന്യൂ കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജോലിഭാരം കുറഞ്ഞ ആഫീസുകൾ നിർത്തലാക്കുകയും ജീവനക്കാരെ അധിക ജോലിഭാരമുള്ള റവന്യൂ ആഫീസുകളിൽ പുനർ വിന്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫർക്ക റവന്യൂ ഇൻസ്പെക്ടർ തസ്തിക നിർത്തലാക്കിക്കൊണ്ട് താലൂക്ക് ആഫീസിനും വില്ലേജ് ആഫീസിനും ഇടയ്ക്കുള്ള ഒരു തട്ട് ഒഴിവാക്കിയിട്ടുണ്ട്. താലൂക്ക് ആഫീസിൽ കൂടുതലായി ഒരു തഹസീൽദാരേയും രണ്ട് ഡെപ്യൂട്ടി തഹസീൽദാരേയും രണ്ട് ക്ലാർക്കുമാരേയും ഓരോ ടൈപ്പിസ്റ്റുമാരേയും, മൂന്ന് പ്യൂൺ എന്നീ അധിക ജീവനക്കാരേയും നിയമിച്ചതുമൂലം ഫയലുകളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഗവണ്മെന്റ് പ്ലീഡറുടെ ആഫീസുകളിൽ കൂടുതൽ ക്ലാർക്കുമാരെ നിയമിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിയുടെ പുതിയ 9 ആഫീസുകൾ പുതുതായി അനുവദിച്ചത് റവന്യൂ റിക്കവറി കളക്ഷനിൽ വളരെയേറെ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. അധികമായി സൃഷ്ടിച്ചിട്ടുള്ള ഡെപ്യൂട്ടി തഹസീൽദാർമാരുടെ സേവനംമൂലം റവന്യൂ വരുമാനമായ കെട്ടിടനികുതി,

LIBRARY ARCHIVES Kerala Legislative Assembly